# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

**Vol.3, No. 2** **June - 2009**

Edited & Published by Fr. Francis Allumpurath
Bishop's House, St. Joseph's Church
Shimoga - 577 204, Karnataka, India.

Cover Design : Bro. Ajai Elavuthinkal
Layout : Fr. Jiss Vettiyolil, mcbs
Printed : Matha Prints, Bangalore

Vol.3, No.2, June 2009

# ഉള്ളടക്കം

| | |
|---|---|
| ഇടയലേഖനം | 4 |
| ശ്രേഷ്ഠ മെത്രാപ്പോലീത്താ<br>കർദ്ദിനാൾ വർക്കി വിതയത്തിലിന്റെ ഇടയലേഖനം | 9 |
| സർക്കുലർ 1/2009 | 15 |
| രൂപതാകച്ചേരി വാർത്തകൾ | 19 |
| Diocesan Meetings: April 2009 – March 2010 | 24 |
| നന്ദി, സ്വാഗതം | 26 |
| Appointments and Transfers | 26 |
| മതബോധനം | 27 |
| കുടുംബപ്രേഷിതത്വം | 30 |
| റിന്യൂവൽ ടീം | 31 |
| ചെറുപുഷ്പ മിഷൻ ലീഗ് | 32 |
| പബ്ലിക് റിലേഷൻ ഓഫീസ് | 34 |
| ജൂബിലി ആശംസകൾ | 34 |
| അൾത്താര ശുശ്രൂഷകരുടെ ക്യാമ്പ് | 36 |
| സെമിനാരി വാർത്തകൾ | 36 |
| റീജന്റ്സ് | 37 |
| ആശംസകൾ | 36 |
| ബൈബിൾ ശബ്ദകോശം | 37 |
| അനുമോദനങ്ങൾ | 39 |
| ആദരാഞ്ജലികൾ | 40 |
| Collections | 41 |
| Bishop’s Dairy | 42 |
| Bishop’s Program | 44 |

# ഇടയലേഖനം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

പരി. പിതാവ് ബെനഡിക്ട് 16-ാമൻ പാപ്പാ 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെയുള്ള ഒരു വർഷം പുരോഹിതർക്കായുള്ള വർഷമായി പ്ര്യാപിച്ചിരിക്കുകയാണല്ലോ. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമവാർഷികത്തിന്റെ പശ്ചാത്തലത്തിലാണ് പരി. പിതാവ് പുരോഹിതവർഷം പ്രഖ്യാപി ച്ചിരിക്കുന്നത്. ക്രൈസ്തവ പൗരോഹിത്യ മെന്ന ദൈവികദാനത്തിന്റെ ശ്രേഷ്ഠതയെയും പ്രാധാന്യത്തെയും കുറിച്ച് സഭമുഴുവനിലും കൂടുതൽ ആഴമായ ബോധ്യം ജനിപ്പിക്കുക, പുരോഹിതരുടെ ജീവിത നവീകരണം, വൈദികരുടെ പുനർപരിശീലന പരിപാടികൾ, പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളി പ്രോത്സാഹനം എന്നിവയൊക്കെയാണ് പുരോഹിത വർഷാചരണം കൊണ്ട് പരി. പിതാവ് ലക്ഷ്യമാക്കുക. ക്രിസ്തുവിന്റെ വിശ്വസ്തത, പുരോഹിതന്റെ വിശ്വസ്തത (Faithfulness of Christ, faithfulness of priest) എന്നതാണ് പുരോഹിത വർഷത്തിന്റെ ആപ്തവാക്യം. സാർവത്രിക സഭയോട് ചേർന്ന് നമ്മുടെ രൂപതയിലും ഇത് പുരോഹിത വർഷമായി നമുക്കാചരിക്കാം. പൗരോഹിത്യമെന്ന വലിയ ദാനത്തിന് ദൈവത്തിന് നന്ദി പറയുവാനും വൈദികരുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുവാനും, പരിത്യാഗ മനുഷ്ഠിക്കുവാനും, വൈദികാന്തസ്സിലേക്കുള്ള ദൈവവിളി പ്രോത്സാ ഹിപ്പിക്കുവാനും ഈ വർഷം നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം.

അന്ത്യത്താഴവേളയിൽ വി. കുർബ്ബാന സ്ഥാപനത്തോടൊപ്പം ശുശ്രൂഷാ പൗരോഹിത്യവും സ്ഥാപിച്ച ഈശോമിശിഹായാണ് ക്രിസ്തീയ പൗരോഹിത്യ ത്തിന്റെ ഉറവിടം. പിതാവിന്റെ കൽപനകൾ പാലിച്ചുകൊണ്ട് അവിടുത്തോടുള്ള വിശ്വസ്തതയിൽ നിലനിന്ന ഈശോയാണ് (Jn. 15:10) പുരോഹിതരുടെ ജീവിത മാതൃക. ക്രിസ്തുവിനോട് അനുരൂപരായി കൊണ്ടും,

അവിടുത്തോട് വിശ്വസ്തത പാലിച്ചുകൊണ്ടുമാണ് പുരോഹിതൻ തങ്ങളുടെ ദൗത്യം ഫലപ്രദമായി നിർവ്വഹിക്കേണ്ടത്. അവിടുത്തോടൊത്തായിരുന്നു കൊണ്ട് കർത്താവിനോടുള്ള വ്യക്തി ബന്ധത്തിൽ വളരുവാനും (Mk. 3:14), അവിടുത്തെ സ്നേഹത്തിന്റെയും, അനുകമ്പയുടെയും, അനുരഞ്ജനത്തിന്റെയും ശുശ്രൂഷ തുടരുവാനും വിളിക്കപ്പെട്ടവരും നീക്കിവയ്ക്കപ്പെട്ടവരുമാണ് പുരോഹിതർ. തിരുസഭയുടെ ജീവിതത്തിലും നവീകരണത്തിലും വളരെ പ്രധാനപ്പെട്ടതും ക്ലേശപൂർണ്ണവുമായ ദൗത്യമാണ് പുരോഹിതർ നിർവ്വഹിക്കുന്നത്. പൗരോഹിത്യത്തിന്റെ മഹനീയ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ദൈവജനത്തേയും, പുരോഹിതരെയും കൂടുതൽ ആഴത്തിൽ ബോധ്യപ്പെടുത്തുവാൻ പുരോഹിതവർഷാചരണം ഇടയാക്കണം.

ഇന്ന് ലോകത്തെമ്പാടുമുള്ള നാലുലക്ഷത്തിപതിനായിരത്തിലധികം വരുന്ന കത്തോലിക്കാ വൈദികരിൽ ചുരുക്കം ചില അപവാദങ്ങളൊഴിച്ചാൽ ബഹുഭൂരിപക്ഷവും ജീവിത വിശുദ്ധി പാലിക്കുവാൻ ശ്രമിക്കുന്നവരും, തങ്ങളുടെ വിളിക്കും ദൗത്യത്തിനുമായി ആത്മാർപ്പണം ചെയ്യുന്നവരും, പ്രാർത്ഥനയിൽ വളരുവാൻ പരിശ്രമിക്കുന്നവരും, സഹജീവികളുടെ നന്മക്കും വിമോചനത്തിനുമായി ക്ലേശങ്ങൾ സഹിച്ചും അദ്ധ്വാനിക്കുന്നവരുമാണെന്നു കാണാം. ദൈവം സഭക്കു നൽകിയിരിക്കുന്ന പൗരോഹിത്യമെന്ന വലിയ ദാനത്തെ ഓർത്ത് നന്ദി പറയുവാൻ പുരോഹിതവർഷം നാം ഉപയോഗിക്കണം. ഒപ്പം പുരോഹിതർ തങ്ങളുടെ ജീവിതവിശുദ്ധിയിലും, ആത്മസമർപ്പണത്തിലും ശുശ്രൂഷയിലും കൂടുതൽ കൂടുതൽ വളരുന്നതിനും നാം പ്രാർത്ഥിക്കണം.

അനുദിനം സങ്കീർണ്ണമായ മാറ്റങ്ങൾക്ക് വിധേയമാകുന്ന ഇന്നത്തെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ വലിയ വെല്ലുവിളികൾക്കു മദ്ധ്യേയാണ് പുരോഹിതർ തങ്ങളുടെ സമർപ്പിത ജീവിതവും ശുശ്രൂഷയും നിർവ്വഹിക്കുന്നത്.സഭയെ ആക്രമിക്കുന്നതിനും, തകർക്കുന്നതിനും പദ്ധതി യിടുന്നവർ ആദ്യമായി ആക്രമിക്കുന്നതും തകർക്കാൻ ശ്രമിക്കുന്നതും പൗരോഹിത്യത്തെയും പുരോഹിതശുശ്രൂഷയെയും

ആണെന്ന് നാം തിരിച്ചറി യണം. ഇങ്ങനെയുള്ള സംഭവങ്ങളിലും സാഹചര്യങ്ങളിലും നമ്മുടെ വൈദിക രോട് ചേർന്ന് നിൽക്കുന്നതിനും അവരെ സഹായിക്കുന്നതിനും നമുക്ക് കഴിയണം. പൗരോഹിത്യമെന്ന ദൈവികദാനത്തെ നാം വിലമതിക്കുന്നു വെന്നും, സഭക്കും ലോകത്തിനും വൈദികർ ചെയ്യുന്ന ശുശ്രൂഷയിൽ നാം അഭിമാനിക്കുന്നുവെന്നും, അവരെ നാം സ്നേഹിക്കുകയും, ബഹുമാനി ക്കുകയും ആദരിക്കുകയും ചെയ്യുന്നുവെന്നും നമ്മുടെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ലോകത്തോട് ഉറക്കെപ്പറയുവാനും ഈ പുരോഹിത വർഷത്തിൽ നമുക്കാവണം.

ബെനഡിക്ട് 16-ാ മൻ മാർപ്പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി ദൈവം സഭക്കു നൽകുന്ന സവിശേഷ സമ്മാനമാണ്. ഈ ജീവിതാന്തസ്സിലേക്ക് തങ്ങളെ വിളിക്കുന്ന ദൈവസ്വരത്തോട് തുറവിയുള്ളവരാക്കി മക്കളെ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയണം. ക്രിസ്തുവിനെ അടുത്തനുഗമിക്കുന്നതിനുള്ള പ്രചോദനം മക്കൾക്കു നൽകുന്നതിനും, അതിനായി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ധൈര്യം മാതാപിതാക്കൾക്കും കുടുംബാഗംങ്ങൾക്കും ഉണ്ടാകണം. വൈദിക ജീവിതത്തിലേക്കുള്ള ദൈവവിളികളുടെ പരിപോഷണം പുരോഹിതവർഷ ത്തിൽ നാം ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യമാണ്. വൈദികശുശ്രൂഷയെ വിലമതിക്കുകയും, പുരോഹിതരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന കുടുംബങ്ങളിൽ നിന്നേ നല്ല ദൈവവിളികൾ ഉണ്ടാകൂ എന്നും നമുക്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാം.

2009 ജൂൺ 19-ാം തിയതി ഈശോയുടെ തിരുഹൃദയത്തിരുന്നാൾ ദിനത്തിലാണ് പുരോഹിതവർഷവും ആരംഭിക്കുക. 2010 ജൂൺ 19-ന് റോമിൽ നടക്കുന്ന ആഗോള വൈദിക സമ്മേളനത്തോടുകൂടി സമാപിക്കും. പുരോഹിതവർഷം കൂടുതൽ ഫലപ്രദമാക്കുവാൻ നമ്മുടെ രൂപതയിൽ ദൈവജനത്തിന്റെ ഭാഗത്തു നിന്ന് ചെയ്യാവുന്നതും ചെയ്യേണ്ടതുമായ ചില


നിർദ്ദേശങ്ങൾ നൽകട്ടെ.

- പുരോഹിതവർഷം ആരംഭിക്കുന്ന 2009 ജൂൺ 19-ാം തിയതി - തിരുഹൃദയ തിരുനാൾ ദിനം - നമ്മുടെ എല്ലാ ഇടവകകളിലും കഴിയുന്നത്ര ദൈവജനപങ്കാളിത്തത്തോടെ ആഘോഷമായ ദിവ്യബലി അർപ്പണം നടത്തുകയും പൗരോഹിത്യമെന്ന ദാനത്തിന് നന്ദി പറയുകയും പുരോഹിതർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.
- നമ്മുടെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലിക്കുശേഷം പുരോഹിതർക്കായുള്ള പ്രത്യേക പ്രാർത്ഥന ചൊല്ലുക; കുടുംബങ്ങളിൽ സന്ധ്യാ പ്രാർത്ഥനയിൽ വൈദികർക്കുവേണ്ടിയുള്ള പ്രാത്ഥന കൂട്ടിച്ചേർക്കുക.
- നമ്മുടെ എല്ലാ ദേവാലയങ്ങളിലും, സന്യാസഭവനങ്ങളിലും ഈ വർഷം ഒരു ദിവസമെങ്കിലും വൈദികരുടെ വിശുദ്ധീകരണത്തിനും, ദൈവവിളി പ്രോത്സാഹനത്തിനുമായി ദിവ്യകാരുണ്യ ആരാധന നടത്തുക.
- വിദൂര സ്ഥലങ്ങളിലും, അപകടകരമായ സാഹചര്യങ്ങളിലും, തികച്ചും ദരിദ്രമായ ചുറ്റുപാടുകളിലും ശുശ്രൂഷചെയ്യുന്ന വൈദികരുടെ സംരക്ഷണത്തിനു വേണ്ടിയും, വൈദിക പരിശീലനത്തിനു വേണ്ടിയും സഹായം നൽകുവാൻ കഴിവും സാധ്യതയുമുള്ളവർ അതിനായി മുന്നോട്ടു വരുക.
- ഓരോ ഇടവകയിലും മുൻപ് ശുശ്രുഷ ചെയ്ത് കടന്നുപോയവരും ഇപ്പോൾ സേവനമനുഷ്ഠിക്കുന്നവരുമായ വൈദികരുടെയും, ഒപ്പം ഇടവകയിൽ നിന്നും വൈദിക സമർപ്പിത ജീവിതത്തിലേക്ക് പ്രവേശിച്ചിട്ടുള്ളവരുടെയും ദൈവജനത്തോടൊപ്പമുള്ള ഒരു ഒത്തു ചേരൽ സംഘടിപ്പിക്കുകയും ഒരുമിച്ച് പ്രാർത്ഥിക്കുകയും, ബലിയർപ്പിക്കുകയും, വൈദികരുടെ സേവനത്തെ ആദരിക്കുകയും ചെയ്യുക.

- പുരോഹിതവർഷത്തെക്കുറിച്ചുള്ള ഓർമ്മ നില നിറുത്തുന്നതിനും, പ്രാർത്ഥിക്കുന്നതിനുമായി നമ്മുടെ ദേവാലയങ്ങളിൽ ജനങ്ങൾക്ക് കാണാവുന്ന വിധത്തിൽ “പുരോഹിതവർഷം 2009-2010”, എന്നും ആപ്തവാക്യമായ “ക്രിസ്തുവിന്റെ വിശ്വസ്തത - പുരോഹിതന്റെ വിശ്വസ്തത”, എന്നും ആലേനം ചെയ്യുക.

സാർവത്രിക സഭയോടു ചേർന്ന് പുരോഹിതവർഷാചരണം അർത്ഥ പൂർണ്ണവും ഫലദായകവുമാക്കാൻ നമുക്ക് കഴിയട്ടെ. സഭാജീവിതത്തിലും, പ്രത്യേകിച്ച് പുരോഹിതരുടെ ജീവിതത്തിലും, ദൈവവിളികളുടെ മേലയിലും പുതിയ ഉണർവുണ്ടാക്കാൻ ഇതു വഴി ദൈവം നമ്മെ സഹായിക്കട്ടെ. തിരുഹൃദയ തിരുനാളിന്റെ കൃപകൾ എല്ലാവർക്കും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,



**മാർ ജോസഫ് അരുമച്ചാടത്ത്**
ഭദ്രാവതി രൂപതയുടെ മെത്രാൻ

---

ഈ ഇടയലേഖനം 2009 ജൂൺ 14-ാം തിയതി വി. കുർബ്ബാനമദ്ധ്യേ വയിക്കേണ്ടതാണ്. ഇടവകകകളിലേക്ക് ആവശ്യമായ പുരോഹിതവർഷ ബാനറുകൾ രൂപതാകേന്ദ്രത്തിന്റ തയ്യാറാക്കിവയ്ക്കുന്നതാണ്. ബഹു. വികാരിയച്ചന്മാർ അത് ഇവിടെ നിന്നും വാങ്ങാൻ ശ്രമിക്കുക.

# ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

ദുക്റാന തിരുനാൾ ലോകമെങ്ങുമുള്ള സീറോ–മലബാർ സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ ഒരു ദിവസമാണല്ലോ. ഭാരതപ്പസ്തോലനും വിശ്വാസത്തിൽ നമ്മുടെ പിതാവുമായ മാർത്തോമാശ്ലീഹ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന തന്റെ വിശ്വാസ പ്രഘോഷണത്തിന് സ്വന്തം ജീവൻ കൊണ്ട് സാക്ഷ്യം നല്കിയ ദിനമാണത്. ഈ തിരുനാൾ ആചരിക്കുന്ന ഓരോ വ്യക്തിക്കും ഇത് വിശ്വാസത്തിലുള്ള ഒരു പുനർജീവിതത്തിന്റെ തുടക്കമായിരിക്കണം. തോമാശ്ലീഹായിൽ നിന്ന് ലഭിച്ച തങ്ങളുടെ ക്രൈസ്തവവിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് കേരളത്തിലും കേരളത്തിനു പുറത്ത് ഭാരതത്തിലും വിദേശത്തുമായി ജീവിക്കുന്ന എല്ലാ സീറോ–മലബാർ സഭാംഗങ്ങൾക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ നേരുന്നു.

ജനിച്ച നാടും വീടും വിട്ട് കേരളത്തിന് പുറത്ത് ഇന്ത്യയിലും വിദേശത്തുമായി തങ്ങളുടെ കുടുംബങ്ങളുടെ ക്ഷേമത്തിനു വേണ്ടി കഷ്ടപ്പെട്ട് പണിയെടുക്കുന്നതോടൊപ്പം തങ്ങൾക്ക് ലഭിച്ച വിശ്വാസ പാരമ്പര്യം അവിടുത്തെ പരിമിതമായ സാഹചര്യങ്ങളിൽ കാത്തുസൂക്ഷിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന സീറോ–മലബാർ സഭാംഗങ്ങളായ പ്രവാസി മലയാളികളെ

ഞാൻ ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കുകയാണ്. വിശ്വാസ ജീവിതത്തിനുവേണ്ടിയുള്ള അവരുടെ ആത്മാർപ്പണ ത്തിന്റെയും ത്യാഗോജ്വലമായ പ്രയത്നങ്ങളുടെയും ഉത്തമോദാഹരണ മാണ് ഖത്തറിലെ ദോഹയിൽ May 22 ന് ഞാൻ കൂദാശ ചെയ്ത ഗൾഫ് റീജിയനിലെ ആദ്യത്തെ സീറോ–മലബാർ ദേവാലയം. തീർച്ചയായും വളരെ അഭിമാനിക്കത്തക്ക ഒരു നേട്ടം തന്നെയാണിത്. ഈ വിജയത്തിനു പുറകിൽ പ്രവർത്തിച്ച എല്ലാ വ്യക്തികളെയും ഞാൻ അഭിനന്ദിക്കുകയാണ്. മറ്റു സ്ഥലങ്ങളിലുള്ള പ്രവാസി സമുഹങ്ങൾക്കും ഇത് വലിയ പ്രചോദനവും മാതൃകയും ആയിതീരട്ടെ.

ഈ അവസരത്തിൽ നമ്മുടെ വിശ്വാസത്തിന്റെ പൂജ്യത കാത്തുസൂക്ഷിക്കുവാൻ നാം എത്രമാത്രം ശ്രദ്ധാലുക്കളായി രിക്കണം എന്ന വസ്തുതയിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിയതമായ സഭാഭരണ സംവിധാനങ്ങളില്ലാത്ത സാഹചര്യങ്ങളിൽ പ്രത്യേകിച്ചും നമ്മുടെ രീതിയിലുള്ള അജപാലനസൗകര്യങ്ങളോ വിശ്വാസപരിശീലന പദ്ധതികളോ ഇല്ലാത്ത അവസ്ഥയിൽ പൈതൃകമായി നമുക്ക് ലഭിച്ചിട്ടുള്ള കത്തോലിക്കാവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകുവാനുള്ള സാധ്യത വളരെ ശക്തമാണ്. കത്തോലിക്കാ വിശ്വാസത്തിന ് കടക വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുന്ന പല സെക്ടുകളും ഇന്ന് രൂപം കൊണ്ടിട്ടുണ്ട്. ധാരാളം പേർ അവരുടെ ആകർഷണ വലയത്തിൽ പെട്ട് തിരുവചനം തെറ്റായി വ്യാഖ്യാനിക്കുവാനും കൂദാശാജീവിതത്തിൽ നിന്നും വിട്ടുനില്ക്കു വാനും കത്തോലിക്കാ കൂട്ടായ്മയിൽ നിന്നു തന്നെ അകന്നു പോകുന്നതിനും ഇടയാകുന്നുണ്ട് എന്ന കാര്യം ഖേദപൂർവ്വം അനുസ്മരിക്കട്ടെ. പുതുതായി രൂപം കൊണ്ടിട്ടുള്ള സെക്ടുകളെ ക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻമാർ കഴിഞ്ഞ മാർച്ച് മാസത്തിൽ പുറത്തിറക്കിയ സംയുക്ത ഇടയലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അടുത്ത കാലത്തു സഭയിലെ ചില അത്മായ പ്രഘോഷകർ സ്വന്തം സുവിശേഷ ധ്യാനടീമുകളും പ്രാർത്ഥനാ ഗ്രൂപ്പുകളും സ്ഥാപിക്കുകയും ക്രമേണ സഭാ പ്രബോധനങ്ങളിൽ നിന്നും നിയന്ത്രണത്തിൽ നിന്നും അകന്ന് സ്വന്തം നിലയിൽ സെക്ടുകളായി മാറുകയും ചെയ്തിട്ടുണ്ട്. അവർ നടത്തുന്ന ബൈബിൾ വ്യാഖ്യാനങ്ങൾ പലതും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനോ പ്രബോധനങ്ങൾക്കോ സാമാന്യബുദ്ധിക്കോ നിരക്കാത്തവയാണ്. കേരളത്തിൽ അടുത്ത കാലത്ത് ആരംഭിച്ചതും സഭയുടെ അംഗീകാരവും അനുവാദവുമില്ലാതെ നടത്തപ്പെടുന്നതുമായ ചില സുവിശേഷപ്രസ്ഥാനങ്ങളും പ്രാർത്ഥനാലയങ്ങളും അവ സഭയുടെ അംഗീകാരമുള്ളതാണെന്ന തെറ്റിദ്ധാരണ പരത്തി പ്രവൃത്തിക്കുന്നതായി ഇടയലേഖനം ചൂണ്ടിക്കാണിക്കുന്നു. ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്, മാളയിലെ അമ്മ, കാഞ്ഞിരപ്പള്ളിയിലെ അപ്പർ റൂം, എറണാകുളത്തെ കോർണർ സ്റ്റോൺ, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേകം തുടങ്ങിയ പ്രസ്ഥാനങ്ങളും സ്വർഗ്ഗീയ വിരുന്നുപോലെയുള്ള സഭാഗ്രൂപ്പുകളും ഇതിൽ പെടുന്നു. സഭയുടെ അംഗീകാരമില്ലാത്ത പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും വിശ്വാസികൾ സംബന്ധിക്കരുതെന്ന് ഇടയലേഖനം മുന്നറിയിപ്പ് നൽകുന്നു.

2008 ഓഗസ്റ്റിൽ കൂടിയ സീറോ-മലബാർ ബിഷപ്സ് സിനഡും സ്പിരിറ്റ് ഇൻ ജീസസ്, എമ്പറർ എമ്മാനുവേൽ, അപ്പർ റൂം തുടങ്ങിയ പ്രസ്ഥാനങ്ങൾക്കെതിരെ നടപടി എടുക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. മുകളിൽ പറഞ്ഞ സെക്ടുകളും പ്രസ്ഥാനങ്ങളും വിവിധ രൂപതകളിൽ നിരോധിക്കപ്പെട്ടിട്ടുള്ളതാകകൊണ്ടും ഇവരുടെ പ്രവർത്തനങ്ങളുടെ ദൂഷ്യവശങ്ങൾ ഒരു രൂപതയിൽ മാത്രം കേന്ദ്രീകരിച്ചുള്ളതല്ലാത്തതുകൊണ്ടും ഇവക്കെതിരെയുള്ള നിരോധനം സഭയിൽ മുഴുവനുമായി വിപുലപ്പെടുത്തണമെന്ന് പെർമനന്റ് സിനഡ് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനങ്ങൾ നമ്മുടെ സഭ

മുഴുവനിലും നിരോധിക്കപ്പെട്ടിരിക്കുകയാണെന്ന് ഇതിനാൽ ഞാൻ നിങ്ങളെ അറിയിക്കുകയാണ്. അതിനാൽ ഇത്തരം പ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയോ അവരുമായി സഹകരിക്കുകയോ ചെയ്യരുതെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും ഗ്രൂപ്പുകളെയോ പ്രസ്ഥാനങ്ങളെയോ ധ്യാനപരിപാടികൾക്കും പ്രാർത്ഥനാ സമ്മേളനങ്ങൾക്കും ക്ഷണിക്കുമ്പോൾ അവർ കത്തോലിക്കാ സഭാധികാരികളിൽ നിന്നും അംഗീകാരം ലഭിച്ചവരാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്നുകൂടി ഓർമ്മിപ്പിക്കട്ടെ.

സഭ വിശ്വാസികളുടെ കൂട്ടായ്മയാണ്. സഭയിലെ ഓരോ വ്യക്തിയും സഭയുടെ ദൗത്യത്തിൽ അവരുടെതായ തലങ്ങളിൽ നിന്നുകൊണ്ട് പങ്കുകാരാകേണ്ടതുണ്ട്. മെത്രാൻമാരും പുരോഹിതരും സന്യസ്തരും അത്മായരും തങ്ങളുടെ തനതായ ഉത്തരവാദിത്വ നിർവ്വഹണത്തിലൂടെ തങ്ങളുടെ വിശ്വാസത്തെ പരിപോഷിപ്പിക്കുന്നതിനും അതിന് സാക്ഷ്യം വഹിക്കുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒരുപക്ഷേ ഈ ദൗത്യ നിർവ്വഹണത്തിൽ അത്മായരുടെ പങ്ക് അടുത്തകാലം വരെയും വേണ്ടത്ര പ്രാധാന്യത്തോടെ വീക്ഷിക്കപ്പെട്ടിരുന്നില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് കഴിഞ്ഞ സിനഡിൽ ഒരു അത്മായ കമ്മീഷന് രൂപം കൊടുത്തിട്ടുള്ളത്. കമ്മീഷൻ വിവിധങ്ങളായ പരിപാടികളിലൂടെ സഭാ പ്രവർത്തനങ്ങളിൽ അത്മായരുടെ ശരിയായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളുമായി ഇതിനകം തന്നെ വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. അടുത്ത ഓഗസ്റ്റ് 13 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ ഇതിന്റെ ഭാഗമായി ഒരു International Laity Assembly വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല അതുകഴിഞ്ഞു വരുന്ന മെത്രാൻ സമിതിയുടെ സമ്മേളനത്തോടനുബന്ധിച്ച് വൈദിക–സന്യസ്ത– അത്മായ പ്രതിനിധികളുമായി ഒരു Interaction ഒരുക്കുവാൻ പെർമനന്റ് സിനഡ് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി

സഭയുടെ ദൗത്യനിർവ്വഹണത്തിൽ സഭയിലെ എല്ലാ വിഭാഗങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അജപാലനരംഗത്ത്, പ്രത്യേകിച്ച് പ്രവാസികളായ സീറോ–മലബാർ സഭാംഗങ്ങൾക്ക് തങ്ങളുടെ വിശ്വാസപാരമ്പര്യമനുസരിച്ചുള്ള അജപാലന ശുശ്രൂഷ നല്കുവാനുള്ള എല്ലാ പരിശ്രമങ്ങളും നമ്മൾ ചെയ്തുവരുന്നുണ്ട്. പ്രതീക്ഷിച്ച വിജയങ്ങൾ കൈവരിക്കാനായിട്ടില്ലെങ്കിലും നമുക്ക് പ്രത്യാശനഷ്ടപ്പെടാതെ നമ്മുടെ പരിശ്രമം തുടരാം. അതേസമയം ഈ ദൗത്യനിർവ്വഹണത്തിന്നായി നിരവധി വൈദികരെ നമുക്ക് ആവശ്യമുണ്ടെന്ന കാര്യം നമ്മൾ ഓർക്കേണ്ടതുണ്ട്. പൗരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളികൾ ഉയർന്നുവരേണ്ടതു നാമോരോരുത്തരുടെയും കുടുംബങ്ങളിൽ നിന്നു തന്നെയാണ്. പരിശുദ്ധ പിതാവ് 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെയുള്ള വർഷത്തെ പുരോഹിതർക്കായുള്ള വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ ഭവനങ്ങളിൽ നിന്ന് ദൈവവിളികൾ – പൗരോഹിത്യത്തിലേയ്ക്കും സന്യാസാന്തസ്സിലേയ്ക്കുമുള്ള ദൈവവിളികൾ പരിപോഷിപ്പിക്കേണ്ടത് നമ്മുടെ വലിയൊരു ഉത്തരവാദിത്വമാണ്. പുരോഹിതർക്കായുള്ള വർഷാചരണം അതിന് ശക്തമായ ഒരു പ്രചോദനമായിരിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ആളുകൊണ്ട് മാത്രമല്ല അർത്ഥം കൊണ്ടും നാം നമ്മുടെ സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരേണ്ടതുണ്ട്. മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും തുടർന്നുള്ള വർഷങ്ങളിലും സഭാദിനത്തോടനുബന്ധിച്ച് ഒരാൾക്ക് ഒരു രൂപ നിരക്കിൽ എല്ലാ സീറോ–മലബാർ സഭാംഗങ്ങളും സാമ്പത്തിക സഹായം നല്കണമെന്ന സിനഡ് തീരുമാനം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ ഇതിനായി അഭ്യർത്ഥിക്കുന്നു.

ദുക്റാന തിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ

മാർത്തോമായിൽ നിന്ന് നമുക്ക് ലഭിച്ച വിശ്വാസപാരമ്പര്യം കാത്തുസൂക്ഷിക്കുവാനും പരിപാലിക്കുവാനും അതിന് സാക്ഷ്യം വഹിക്കുവാനും സ്വദേശത്തും വിദേശത്തുമുള്ള എല്ലാ സീറോ–മലബാർ ക്രൈസ്തവർക്കും വലിയ ഉത്തരവാദിത്വമുണ്ട് എന്ന് നാം ഓർക്കണം. ഈ വിശ്വാസ ജീവിതത്തിന്റെ മകുടോദാഹരണമാണ് സീറോ–മലബാർ സഭയുടെ അരുമസന്താനവും അഭിമാനപാത്രവുമായ ഭാരതത്തിലെ ആദ്യത്തെ വനിതാ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട വി. അൽഫോൻസ. ഈ വിശ്വാസത്തിൽ നിന്ന് നമ്മെ വഴി തെറ്റിക്കാനും സഭാ കൂട്ടായ്മയിൽ നിന്ന് നമ്മെ അടർത്തിയെടുക്കുവാനും പരിശ്രമിക്കുന്ന ശക്തികളെയും പ്രസ്ഥാനങ്ങളെയും നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. അവയ്ക്കെതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. നാം ഏതു തലത്തിലാണെങ്കിലും സഭാ കൂട്ടായ്മയിൽ നമ്മുടെ സ്ഥാനം അനന്യമാണെന്നു മനസ്സിലാക്കി ഈ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ നമുക്ക് പരിശ്രമിക്കാം. ദുക്റാനതിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽനിന്ന് 2009–ാം ആണ്ട് മേയ് മാസം 25–ാം തിയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**
സീറോ–മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

---

N.B.: ഈ ഇടയലേഖനം ജൂൺ 28 –ാം തിയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ 1/2009*

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

നമ്മുടെ രാജ്യം വീണ്ടുമൊരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണല്ലോ? പാർലമെന്റിലേക്കുള്ള പതിനഞ്ചാം പൊതു തിരഞ്ഞെടുപ്പ് പ്രക്രിയകൾ ആരംഭിച്ചു കഴിഞ്ഞു. സ്വതന്ത്ര ഇൻഡ്യയുടെ മതേതര, ജനാധിപത്യ വ്യവസ്ഥിതി ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന വേളയിലാണീ തിരഞ്ഞെടുപ്പ് കടന്നുവരിക. ഭരണഘടനയെ ദുർബ്ബലപ്പെടുത്തുന്നതിനും, നിർവീര്യമാക്കു ന്നതിനുമുള്ള പ്രവണതകളേറിവരുന്നു. അതുകൊണ്ടു തന്നെ, ജനാധിപത്യ മതേതര ഇൻഡ്യയുടെ നിലനിൽപിനെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമാണീ തിരഞ്ഞെടുപ്പ്. ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളും, മൂല്യങ്ങളും ഉറപ്പുവരുത്താനുള്ള അവസരമായി നാമിതിനെ കാണുകയും ഉപയോഗിക്കുകയും ചെയ്യണം.

പൊതുതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഭാരതകത്തോലിക്കാ മെത്രാൻ സമിതി (CBCI) ഭാരതജനതയ്ക്കു നൽകുന്ന സന്ദേശത്തെ അടിസ്ഥാന മാക്കി ചില നിർദ്ദേശങ്ങൾ നിങ്ങളുടെ മുമ്പിൽ വയ്ക്കുക എന്റെ അജപാലന ദൗത്യത്തിന്റെ ഭാഗമായി ഞാൻ കാണുന്നു.

നാനാത്വത്തിലേകത്വമെന്ന അടിസ്ഥാന പ്രമാണത്തിലൂന്നി ഭാരതത്തിന്റെ മത, ഭാഷാ, സംസ്കാരിക വൈവിധ്യത്തെ അംഗീകരിച്ചു കൊണ്ടും, എന്നാൽ അവയ്ക്കെല്ലാമുപരി ഇൻഡ്യയെ ഒന്നായിക്കണ്ടു കൊണ്ടും എല്ലാവർക്കും സാമൂഹികസമത്വവും, നീതിയും, സ്വാതന്ത്ര്യവും ഉറപ്പാക്കി, സാമ്പത്തിക, സാംസ്കാരിക പുരോഗതിയിലേക്കു നീങ്ങുന്ന ഒരു വ്യവസ്ഥിതിയാണ് നമ്മുടെ രാഷ്ട്രപിതാവും, ഭരണഘടനാ ശിൽപികളുമൊക്കെ വിഭാവനം ചെയ്തത്. മനുഷ്യാവകാശ, മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ വ്യവസ്ഥിതിയാണ് നാമിന്നുവരെ നേടിയ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക പുരോഗതിക്കടിസ്ഥാനം. ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷാവകാശങ്ങളും അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ ഭാഗംതന്നെ. മത-ഭാഷാ-സാംസ്കാരിക വൈവിധ്യം നമ്മുടെ രാജ്യത്തിനു നൽകിയത് ഒരു

സമഗ്രസങ്കലിത സംസ്കാരത്തെ യാണ്. വ്യത്യസ്ഥ മതങ്ങളുടെയും, സംസ്കാരങ്ങളുടെയും ഈറ്റില്ലമായ നമ്മുടെ നാട് സത്യം, അഹിംസ, കരുണ, ജീവന്റെ പവിത്രത, മൈത്രി, സഹിഷ്ണത, ജീവിതലാളിത്വം, സമാധാനപരമായ സഹവർത്തിത്വം തുടങ്ങിയ ശ്രേഷ്ടമായ മൂല്യങ്ങൾ നമുക്കു നൽകി. ഒരു രാജ്യമെന്ന നിലയിൽ, വ്യത്യസ്ഥതകളെ ഒരു വലിയ പരിധിവരെ മാനിച്ചുകൊണ്ട് സഹവസിക്കുന്നതിനും, ദേശീയ ഐക്യം കാത്തു സൂക്ഷിക്കുന്നതിനും നമുക്കു കഴിഞ്ഞു. എന്നാലിന്ന് ദേശീയതലത്തിലും പ്രാദേശിക തലത്തിലും, നമ്മുടെ ഭരണഘടനയുടെയും ജനാധിപത്യ വ്യവസ്ഥിതിയുടെയും അടിസ്ഥാന മൂല്ല്യങ്ങൾക്കും അവ വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങൾക്കുമെതിരേ രൂക്ഷമായ കടന്നാക്രമണങ്ങൾ നടക്കുന്നു.

സമൂഹത്തിന്റെ എല്ലാ തലങ്ങളെയും ബാധിച്ചിരിക്കുന്ന അഴിമതി എന്ന അർബ്ബുദം ആരോഗ്യകരമായ ജനാധിപത്യ വ്യവസ്ഥിതി അസാധ്യമാക്കുന്നു. അധികാരവും പണവും വിഗ്രഹങ്ങളാകുന്നിടത്ത് ദൈവവും സാധാരണ ജനവും പാർശ്വവൽക്കരിക്കപ്പെടുന്നു, ധാർമ്മികമൂല്ല്യങ്ങൾക്ക് വിലയിടിയുന്നു. വളർന്നു വരുന്ന തീവ്രവാദവും വർദ്ധിച്ചുവരുന്ന സങ്കുചിതചിന്താഗതികളും, മതമൗലികസംഘട്ടനങ്ങളും ഭീകരതയുടെ രൂപം സ്വീകരിക്കുന്നു. മത-ഭാഷാ ന്യൂനപക്ഷങ്ങളുടെയും, ദളിത-പിന്നോക്ക വിഭാഗങ്ങളുടെയും അവകാശങ്ങൾ കവർന്നെടുക്കാനും, നീതി നിഷേധിക്കാനും സംഘടിത ശ്രമം നടക്കുന്നു. ജനമനസ്സുകളിൽ വർഗ്ഗീയ വിദ്വേഷം നിറയ്ക്കാനുള്ള ശ്രമവും, മതന്യൂന പക്ഷങ്ങളുടെ മേൽ നടക്കുന്ന സംഘടിത ആക്രമണവും സമാധാനപരമായ സഹവർത്തിത്വവും, സുരക്ഷിതത്വവും അപകടത്തിലാക്കുന്നു. ഗുജറാത്തുകലാ പവും, ഒറീസയിലും കർണാടകത്തിലും രാജ്യത്തിന്റെ വിവിധഭാഗങ്ങളിലും ക്രൈസ്തവർക്കു നേരെ നടക്കുന്ന അക്രമങ്ങളും കണ്ടില്ലെന്നു നടിക്കുവാൻ നമുക്കാവുകയില്ല. ഭരണഘടന ഉറപ്പുതരുന്ന അവകാശങ്ങൾ ഇങ്ങനെ നഗ്നമായി ലംഘിക്കപ്പെടുമ്പോൾ ഒരു ജനാധിപത്യ-മതേതര രാജ്യമെന്ന നിലയിലുള്ള ഭാരതത്തിന്റെ നിലനിൽപ്പ് അപകടത്തിലാകുന്നു.

ചുരുക്കത്തിൽ ഈ തിരഞ്ഞെടുപ്പ് നമ്മുടെ മുമ്പിൽ ഉയർത്തുന്ന കാതലായ ചോദ്യമിതാണ്: ഇന്ത്യ ഒരു സ്വതന്ത്ര, മതേതര, ജനാധിപത്യ രാജ്യമായി നിലനിൽക്കണമോ വേണ്ടയോ? നിലനിൽക്കണമെന്നാണ്


ഉത്തരമെങ്കിൽ നമ്മുടെ രാജ്യത്തിന്റെ പരമാധികാരവും, അണ്ഡതയും, ജനാധിപത്യവും, ഭരണഘടനയും സമഭാവനയിലൂന്നിയ മതേതരത്വവും അത്മീയതയിലടിയുറച്ച സംസ്കാരവും സംരക്ഷിക്കുവാൻ കെൽപ്പുള്ള ശക്തമായ ഭരണം കേന്ദ്രത്തിൽ വരണം. അതിനായി ഭരണഘടനയെ മാനിക്കുന്ന, മനുഷ്യാവകാശങ്ങളെ അംഗീകരിക്കുന്ന, ജനാധിപത്യ ത്തെയും മതേതര സംസ്കാരത്തെയും സംരക്ഷിക്കുമെന്നുറപ്പുള്ള വ്യക്തികൾക്കും, പാർട്ടികൾക്കും മാത്രമേ നമ്മുടെ വോട്ടുകൾ നൽകാവൂ. തീവ്രവാദം ചെറുക്കാനും, ഭീകരപ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യാനും, വർഗ്ഗീയതയും, വർഗ്ഗീയവിദ്വേഷം വളർത്തുന്ന പ്രവണതകളും തടയാനും, ഭരണഘടനയുടെ അന്തഃസത്ത ഉയർത്തിപ്പിടിച്ച് മതേതരമൂല്ല്യങ്ങൾ സംരക്ഷിക്കുവനും, തിരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടത്തിന് കഴിയണം. ഒപ്പം എല്ലാവർക്കും സാമൂഹ്യ നീതി ഉറപ്പാക്കുവാനും, സമഗ്രപുരോഗതിയി ലേക്ക് നയിക്കുവാനും കഴിയണം. അഴിമതിയുടെയും, അക്രമത്തിന്റെയും കറപുരളാത്തവരും, ധാർമ്മികമൂല്ല്യങ്ങളിൽ അടിയുറച്ചവരുമായിരിക്കണം നമ്മുടെ ജനപ്രതിനിധികൾ. ദേശീയതാൽപര്യവും ജനഹിതവും അവഗണിച്ച് വ്യക്തിതാൽപര്യവും, പാർട്ടിതാൽപര്യവും ഉയർത്തിപ്പിടിക്കു ന്നവരും, സങ്കുചിത താൽപര്യങ്ങൾക്കുവേണ്ടി വർഗ്ഗീയചേരിതിരിവും വിദ്വേഷവും വളർത്തുന്നവരും നമ്മുടെ പ്രതിനിധികളാകാൻ പാടില്ല. എല്ലാ മതങ്ങളെയും തുല്ല്യമായി കാണാനും, ഭാഷാ-മത നൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താനും, മതേതരത്വം സംരക്ഷിക്കാനും കഴിയാത്തവർ നമ്മുടെ പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടുകൂടാ. ശ്രേഷ്ഠമായ ഭാരതീയ മൂല്ല്യങ്ങളായ ഈശ്വര വിശ്വാസം, സത്യം, നീതി, സഹോദര്യം, സമഭാവന, സഹിഷ്ണത തുടങ്ങിയ മൂല്ല്യങ്ങൾ മുറുകെ പിടിക്കുന്നവരാകണം നമ്മുടെ ഭരണകർത്താക്കൾ.

അതിനാൽ തികഞ്ഞ ഉത്തരവാദിത്വബോധവും, രാഷ്ട്രീയ പ്രബുദ്ധതയുമാണ് ഈ തിരഞ്ഞെടുപ്പിൽ രാജ്യം നമ്മോടാവശ്യപ്പെടുക. ജനാധിപത്യ ക്രമത്തിലെ പൗരന്റെ ഏറ്റം പാവനമായ അവകാശം - സമ്മതിദാന അവകാശം - തികഞ്ഞ ഗൗരവത്തോടെ നമുക്ക് ഉപയോ ഗിക്കാം. ഒരു വോട്ടുപോലും പാഴാകാതിരിക്കാൻ നമുക്കു ശ്രദ്ധിക്കാം. പോളിംങ്ങ് ദിനത്തിൽ ആദ്യമേതന്നെ പാവനമായ ഈ ഉത്തരവാദിത്വം നിറവേറ്റിയിട്ടാകട്ടെ ആ ദിനത്തിലെ മറ്റു ജോലികളിലേക്ക് നാം

പ്രവേശിക്കുന്നത്.

നമ്മുടെ പൗരാവകാശം ഗൗരവപൂർവ്വം ഉപയോഗപ്പെടുത്തുന്ന തോടൊപ്പം ഉത്തരവാദിത്വമുള്ള പൗരന്മാരെന്നനിലയിൽ രാജ്യത്തുടനീളം ഈ തിരഞ്ഞെടുപ്പ് സമാധാനപരമായി നടക്കാനും, രാജ്യനന്മയും, പുരോഗതിയും മാത്രം ലക്ഷ്യം വയ്ക്കുന്ന ഒരു ഭരണകൂടം രൂപപ്പെടാനും നാം നിരന്തരം പ്രാർത്ഥിക്കുകയും വേണം. തിരഞ്ഞെടുപ്പ് കഴിയും വരെ ദിവ്യബലിയിലെ കാറോസൂസയിൽ കൂട്ടിച്ചേർത്ത് ചൊല്ലുന്നതിനായി രൂപപ്പെടുത്തി നൽകിയിട്ടുള്ള പ്രാർത്ഥന എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ ഉപയോഗിക്കണമെന്ന് ബഹു. വൈദികരെ അനുസ്മരിപ്പിക്കുന്നു. അതോടൊപ്പം നമ്മുടെ എല്ലാ ഭവനങ്ങളിലും സന്ധ്യാപ്രാത്ഥനയുടെ സമയത്ത് ജപമാലയുടെ ഒരു രഹസ്യം ഈ നിയോഗത്തിനായി കാഴ്ചവയ്ക്കണമെന്നും നിങ്ങളോട് ഞാനാഹ്വാനം ചെയ്യുന്നു.

ഉയിർപ്പു തിരുന്നാളിന്റെ മംഗളങ്ങളും, ഉത്ഥിതനായ ഈശോ നൽകുന്ന സമാധാനവും, സന്തോഷവും, പ്രത്യാശയും എല്ലാവർക്കും ഹൃദയപൂർവ്വം നേരുന്നു.



**മാർ ജോസഫ് അരുമച്ചാടത്ത്**
ഭദ്രവതി രൂപതയുടെ മെത്രാൻ

(ഈ സർക്കുലർ 2009 ഏപ്രിൽ 12-ാം തിയതി ദിവ്യബലി മദ്ധ്യേ വയിക്കേണ്ടതാണ്.)

*ഭദ്രദീപയുടെ ഏപ്രിൽമാസ സപ്ലിമെന്റിൽ പ്രസിദ്ധീകരിച്ചത്.

Vol.3, No.2, June 2009

# രൂപതാകച്ചേരി വാർത്തകൾ

## ആലോചനാസമതി

2009 ഏപ്രിൽ 2-ന് രാവിലെ 10.00 മണിക്ക് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ആലോചനാസമതി 2009-ലെ രൂപതാ ദിനാഘോഷം, രൂപതയിൽ ആരംഭിക്കാൻ ആഗ്രഹിക്കുന്ന ജീവകാരുണ്യ നിധി, വിദ്യാഭ്യാസ ഫണ്ട്, പാസ്റ്ററൽ സെന്റർ, രൂപതാ കാര്യാലയം എന്നിവയുടെ നിർമ്മാണം; ഭദ്രാവതിയിൽ ആരംഭിക്കുവാൻ പോകുന്ന കമ്യൂണിറ്റി കെയർ സെന്റർ എന്നിവയെപ്പറ്റി ചർച്ചചെയ്തു. റിപ്പൺപ്പേട്ട് ഇടവകയുടെ കീഴിൽ ഹൊസനഗര കേന്ദ്രമാക്കി ഒരു മിഷൻസ്റ്റേഷൻ തുടങ്ങുന്നതിനെപ്പറ്റി സമതിയിൽ തീരുമാനമുണ്ടായി.

2009 മെയ് 28-നു രാവിലെ 10.30-ന് ചേർന്ന ആലോചനാസമതി രൂപതാ ദിനത്തിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു. ആഘോഷങ്ങളുടെ നടത്തിപ്പിനായി വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട്, ഫിനാൻസ് ഓഫീസർ ഫാ. ഫ്രാൻസീസ് അള്ളുംപുറം, റവ. ഫാ. ജോസഫ് പൂപ്പള്ളിൽ, റവ. ഫാ. ജോസ് അന്ത്യാംകുളം, റവ. ഫാ. ജോസഫ് മുതുപ്ലാക്കൽ എന്നിവരെ കമ്മിറ്റിയംഗങ്ങളായി ചുമതലപ്പെടുത്തി. രൂപതാദിനാഘോഷത്തിൽ കൂടുതൽ അത്മായ പ്രാതിനിധ്യം നൽകാനും, പൗരോഹിത്യം, സന്യാസസമർപ്പണം, വിവാഹ ജീവിതം ഇവയുടെ ജൂബിലിയാഘോഷിക്കുന്നവർ, സമൂഹത്തിൽ പ്രത്യേക സംഭാവനകൾ നൽകിയവർ, പഠനത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ എന്നിവരെ ആദരിക്കുവനും തീരുമാനമെടുത്തു. പാസ്റ്ററൽ കൗൺസിലിന്റെ അഭിപ്രായത്തോടു ചേർന്ന് രൂപതാദിനം രൂപതയിലെ മറ്റു ഇടവകകളിൽ വച്ചും നടത്തുവാനും തീരുമാനമായി. അതനുസരിച്ച് ഇപ്രാവശ്യം റിപ്പൺപ്പേട്ട് പള്ളിയിൽ വച്ചായിരിക്കും രൂപതാദിനാഘോഷങ്ങൾ നടക്കുക.

വൈദികവർഷാചരണത്തിന്റെ ഭാഗമായി വൈദികർക്കായി സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുവാനും, മാസധ്യാനങ്ങൾ പൗരോഹിത്യവുമായി ബന്ധപ്പെട്ടവിഷങ്ങളെ അടിസ്ഥാനമാക്കി

നടത്തുവാനും, പാസ്റ്ററൽ കൗൺസിന്റെ അഭിപ്രായമനുസരിച്ച് വൈദികർക്കായുള്ള പ്രാർത്ഥന കന്നഡ ഭാഷയിൽ ലഭ്യമാക്കുവാനും തീരുമാനമുണ്ടായി. പണിയാനുദ്ദേശിക്കുന്ന രൂപതാപാസ്റ്ററൽ സെന്റർ, കൂരിയ എന്നിവയുടെ മാസ്റ്റർപ്ലാൻ യോഗം അംഗീകരിച്ചു. കുറഞ്ഞത് 50 പേരെങ്കിലും അടങ്ങുന്ന അത്മായരുടെ ഒരു രൂപതാ ടീം രൂപീകരിച്ച് പരിശീലിപ്പിക്കുന്നതിനെപ്പറ്റിയും യോഗം ചർച്ച ചെയ്തു.

## ജന്മദിനം, നാമഹേതുക തിരുനാൾ

ഏപ്രിൽ 12-ന് ബഹു. വൈദികരും സന്യസ്ഥരും ചേർന്ന് അഭിവന്ദ്യ പിതാവിന് ജന്മദിനത്തിന്റെ (ഏപ്രിൽ 10) മംഗളങ്ങൾ നേർന്നു.

2009 ഏപ്രിൽ 24-ന് വി. ഗീവർഗ്ഗീസിന്റെ നാമധാരിയായ ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ടിന്റെയും മറ്റു ജോർജ്ജ് നാമധാരികളായ ബഹു. വൈദികരുടെയും നാമഹേതുക തിരുനാൾ വൈകുന്നേരം 5.15 വി. കുർബാന, തുടർന്ന് സ്നേഹവിരുന്ന് എന്നിവയോടെ ആഘോഷിച്ചു.

## Diocesan Perspective Plan Implementatuin Committee (DPPIC)

2009 ഏപ്രിൽ 29-ന് രാവിലെ 10.30 അഭിവന്ദ്യ അരുമച്ചാടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ടും, രൂപതാ കമ്മീഷൻ ഡിറക്ട്ടറച്ചന്മാരും (DPPIC)-ക്കായി ഒന്നു ചേർന്നു. കർണാടക റീജണൽ പാസ്റ്ററൽ പ്ലാൻ കോ-ഓർഡിനേറ്റർ റവ. ഫാ. ഫൗസ്റ്റിൻ ലോബോ ചർച്ചകൾക്ക് നേതൃത്വം വഹിച്ചു. രൂപതാ കമ്മീഷനുകൾ രൂപതാ ഭരണത്തിൽ ബിഷപ്പിനു സഹായകമാണെന്നും, എല്ലാ പ്ലാനിംഗും ജനത്തോടു ചേർന്ന് ജനത്തിന്റെ ആവശ്യം അറിഞ്ഞുമാകണം എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഷിമോഗ-ഭദ്രാവതി രൂപതകളുടെ പ്രത്യേക സാഹചര്യം പരിഗണിക്കുമ്പോൾ കൂട്ടായ പ്രവർത്തനം കൂടുതൽ ശക്തി പകരുമെന്നും, അനാവശ്യ ആവർത്തനങ്ങൾ ഒഴിവാക്കാൻ സഹായിക്കുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. യോഗത്തിൽ വിവിധ കമ്മീഷനുകൾ തങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തു.

കർണാടക റീജണൽ പ്ലാനിന്റെ മാതൃകയിൽ രൂപതാ കമ്മീഷനുകളുടെ 3 വർഷത്തെ പ്ലാൻ തയ്യാറക്കണമെന്നും അതിന്റെ കരടുരൂപം 2009 ജൂൺ 30-നകം പൂർത്തിയാക്കണമെന്നും തീരുമാനമുണ്ടായി.

## മാസധ്യാനം

ബഹു. വൈദികരുടെയും സിസ്റ്റേസിന്റെയും മെയ് മാസത്തിലെ ധ്യാനം യഥാക്രമം മെയ് 4, 5 തിയതികളിൽ നടത്തപ്പെട്ടു. റവ. ഫാ. ജോസ് അന്ത്യാംകുളം ധ്യാനചിന്തകൾ നൽകി.

## ലോക്കൽ സുപ്പീരിയേഴ്സ് മീറ്റിംഗ്

2009 മെയ് 15-ന് രാവിലെ 10 മണിക്ക് അഭിവന്ദ്യ അരുമച്ചാടത്തു പിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപതയിലെ സാന്യാസിനീ ഭവനങ്ങളിലെ സുപ്പീരിയേഴ്സ് യോഗം ചേർന്നു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ടും സന്നിഹിതനായിരുന്നു. രൂപതയിലും, രൂപതയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും സന്യസ്ഥർ ചെയ്യുന്ന വിലയേറിയ സേവനങ്ങൾ പിതാവ് അനുസ്മരിച്ചു. കൂടുതൽ കാര്യക്ഷമമായി അജപാലന വികസന പ്രവർത്തന ങ്ങളിൽ സന്യസ്ഥർ പങ്കുകാരാകാൻ ആവശ്യമായപ്രായോഗിക നിർദ്ദേശങ്ങളും അഭിപ്രായങ്ങളും യോഗത്തിൽ ഉരുത്തിരിഞ്ഞു.

## പാസ്റ്ററൽ കൗൺസിൽ

2009 മെയ് 16-ന് ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗം 10.30-ന് പ്രാത്ഥനയോടെ ആരംഭിച്ചു. ശ്രീ ഡേവീസ് തരകൻ പ്രാർത്ഥനക്കു നേതൃത്വം കൊടുത്തു. വെരി റവ. മോൺ. ജോർജ്ജ് ഞരളക്കാട്ട് എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ആമുഖ സന്ദേശത്തിൽ അഭിവന്ദ്യ അരുമച്ചാടത്ത് പിതാവ് ചുരുങ്ങിയ സമയംകൊണ്ട് രൂപതക്ക് നേടാനായ വളർച്ചയിൽ വൈദികരുടെയും, സന്യസ്ഥരുടെയും, ദൈവ ജനം മുഴുവന്റെയും സഹകരണത്തിന് നന്ദി പറഞ്ഞു. സഭ വിശ്വാസികളുടെ സമൂഹമെന്ന നിലയിൽ വിശ്വാസജിവിതം വഴി അവിടുത്തോടൊപ്പമായിരി ക്കേണ്ടവരും (to be with Him), ജീവിതത്തിലൂടെയും പ്രവർത്തനത്തിലൂ

ടെയും മറ്റുള്ളവരിലേക്ക് ഇറങ്ങിചെല്ലേണ്ടവരുമാണെന്ന് (ad gentes) പിതാവ് ഓർമ്മിപ്പിച്ചു. അതിനുശേഷം വിവിധ രൂപതാ കമ്മീഷനുകൾ തങ്ങളുടെ പ്രവർത്തനങ്ങൾ ചുരുക്കമായി അവതരിപ്പിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ 2009-ലെ രൂപതാദിനത്തിന്റെ വിശദാംശങ്ങൾ ആലോചിച്ചു. ഈ വർഷം ഒക്ടോബർ 25 ഞായറാഴ്ച്ചയായതിനാൽ 24-ാം തിയതി ആഘോഷങ്ങൾ നടത്തുവാനും, ഒരോ വർഷവും ഓരോ ഇടവകകളിൽ വച്ച് ആഘോഷം നടത്തുവാനും തീരുമാനമെടുത്തു. ഈ വർഷത്തെ ആഘോ ഷങ്ങൾക്കായി റിപ്പൺപേട്ട് ഇടവകയെ ചുമതലപ്പെടുത്തി. ആഘോഷ കമ്മിറ്റിയിലേക്ക് പാസ്റ്ററൽ കൗൺസിൽ പ്രതിനിധികളായി, ശ്രീ ജോമി ചെറുകാട്ട്, ശ്രീ സജി പുളിക്കകുന്നേൽ, ശ്രീമതി മേരി മറ്റം എന്നിവരെ തിരഞ്ഞെടുത്തു.

ഭദ്രാവതി, മാച്ചനഹള്ളിയിൽ പുതുതായി വാങ്ങിയ സ്ഥലത്ത് രൂപതാ പാസ്റ്ററൽ സെന്ററും, കാര്യാലയവും പണിയുന്നതിനോട് യോഗം താൽപര്യം പ്രകടിപ്പിച്ചു. കെട്ടിടങ്ങളുടെ പ്ലാനിന് അന്തിമരൂപം നൽകുന്നതിനും, നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക ശേരണത്തിനുമായി രൂപീകരിച്ച കമ്മിറ്റിയിൽ ശ്രീ ജോസഫ് ഒറ്റപ്ലാക്കൽ, ശ്രീ ജോമി ചെറുകാട്ട്, ശ്രീ എൻ. പി. ഡേവീസ് എന്നിവരെ തിരഞ്ഞെടുത്തു.

വൈദികവർഷാചരണത്തിന്റെ ഭാഗമായി എല്ലാ ഇടവകകളിലും വൈദികർക്കായുള്ള പ്രാർത്ഥന തുടങ്ങുവാനും, കന്നടയിൽ പ്രാർത്ഥന ലഭ്യമാക്കുവാനും നിർദ്ദേശമുണ്ടായി. കുറഞ്ഞത് 50 പേരെങ്കിലും അടങ്ങുന്ന ഒരു അത്മായ നേതൃത്വത്തെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതിനെപ്പറ്റിയും യോഗം ചർച്ച ചെയ്തു തീരുമാനിച്ചു.

സെമിനാരിക്കാരുടെപരിശീലന ചിലവിനായും, ജീവകാരുണ്യ പ്രവർത്തന ങ്ങൾക്കായും പ്രത്യേക ഫണ്ടുകൾ രൂപീകരിക്കാനുള്ള അഭിവന്ദ്യ പിതാവിന്റെ ഉദ്ദേശത്തെ യോഗം അനുകൂലിച്ചു.

## ബാലഭവൻ ഡിറക്ട്ടേഴ്സ് മീറ്റിംഗ്

2009 മെയ് 16-ന് അഭിവന്ദ്യ അരുമച്ചാടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് ഞരളക്കാട്ട്,

ഫാ. ഫ്രാൻസീസ് അള്ളുംപുറം, ഫാ. ജോസ് അന്ത്യാംകുളം, ഫാ. സജി കളപ്പുര, ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ഫ്രാൻസീസ് ചെമ്പോട്ടിക്കൽ, ഫാ. ജോസഫ് മണിയമ്പാറ എന്നിവർ ചേർന്ന് രൂപതയിലെ ബാലഭവനുകളെപ്പറ്റി ചർച്ചചെയ്തു. മോൺ. ജോർജ്ജ് ഞരളക്കാട്ട് അദ്ധ്യക്ഷനും, ഫാ. ജോസ് അന്ത്യാംകുളം, ഫാ. തോമസ് പള്ളത്ത് എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി രൂപതയിലുള്ള ബാലഭവ നുകളിലും, വൃദ്ധസദനങ്ങളിലും അവശ്യം നടത്തേണ്ട അറ്റകുറ്റപണികളേ ക്കുറിച്ചു നടത്തിയ പഠന റിപ്പോർട്ട് അവതരിപ്പിച്ചു. കൂടുതൽ കൃത്യമായുള്ള ഒരു കണക്കെടുപ്പ് ആവശ്യമായ വിദഗ്ദരുടെ സഹായത്തോടെ നടത്താനും, അതിനാവശ്യമായ വിവരങ്ങൾ ഓരോ സ്ഥാപനങ്ങളും 2009 മെയ് 24-നകം രൂപതാ കേന്ദ്രത്തിൽ എത്തിക്കാനും യോഗത്തിൽ തീരുമാനമായി.

## വോക്കേഷൻ ക്യാബ്

2009 മെയ് 11-13 രൂപതയിലെ പുതിയ അഡ്മിഷൻസിനു വേണ്ടിയുള്ള ദൈവവിളി ക്യാമ്പ് നടത്തി. ബഹു. ആന്റണി ഉള്ളാട്ടിലച്ചൻ ക്യാമ്പിനുനേതൃത്വം നൽകി.

## പ്രത്യേക പിരിവുകൾ

